CHURCH WEEKLY

November 2020

An Ecumenical Publication from

THE ALWAYE FELLOWSHIP HOUSE

Church Weekly

Vol. 74
Issue 11
November 2020

Sri K.C. Chacko
Founder of the Church Weekly
(1946)



An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

74th Year of Publication
FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

CHURCH WEEKLY
C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mgk.afh@gmail.com
Website
www.alwayefellowshiphouse.com

SUBSCRIPTION RATES

	Inside India	
Single Issue	₹ 10.00	
Annual	₹ 100.00	
10 years	₹ 900.00	
Life (Patron)	₹ 10000.00	
	Outside India	
Annual	₹ 600.00	or 10 USD
10 years	₹ 6000.00	or 100 USD
Life (Patron)	₹ 60000.00	or 1000 USD


- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

Read... Subscribe... Recommend...

മഹദ്‌വചനം

We will lead..
not only by the example of our power,
but by the power of our example.

Joseph R. Biden
President Elect
The United States of America



ഈ ലക്കത്തിൽ

70 years ago

Fr. V.C. Samuel M.A.

Church Weekly
October 1, 1950

വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേല്പിച്ച വിശ്വാസം

വിശുദ്ധ യൂദായുടെ ലേഖനത്തിൽ വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേല്പിച്ച വിശ്വാസത്തിൽ തീക്ഷ്ണത പ്രദർശിപ്പിക്കുവാനുള്ള ഒരു ഉദ്ബോധനം കാണാം. ഇത് ഓരോ കാലത്തുമുള്ള സഭ ആവർത്തിച്ചാവർത്തിച്ചു പ്രസ്താവിക്കുന്നതാണ്. ആ വിശ്വാസം യാതൊരു മാലിന്യവും കൂടാതെ നമ്മുടെ സഭ അന്യൂനം പാലിച്ചുപോരുന്നതായി നാം വിശ്വസിക്കുന്നു. ലോകത്തിലുള്ള നിരവധി സഭകളിൽ ഓരോന്നും ആ വിശ്വാസം ശരിയായി പാലിക്കുന്നതായി അവകാശപ്പെടുന്നുണ്ട്. ഒരു കുഴഞ്ഞ പ്രശ്നം ഇവിടെ കാണാം. ഒരു വിശ്വാസം ഒരിക്കലായി ഭരമേല്പിച്ചുകിട്ടി; എന്നാൽ ആ വിശ്വാസം യാതൊരു വ്യത്യാസവും കൂടാതെ പാലിച്ചുപോരുന്നു എന്നവകാശപ്പെടുന്ന സഭകൾ, അന്യോന്യം അംഗീകരിക്കാതെ സ്ഥിതിചെയ്യുകയും ചെയ്യുന്നു. എന്താണീ കുഴപ്പത്തിന്റെ അടിയിൽ കിടക്കുന്നത്?

ഇന്നു ലോകത്തിൽ കാണുന്ന ക്രൈസ്തവസഭാവിഭാഗങ്ങളെക്കുറിച്ചു പറയുകയാണെങ്കിൽ, അവ നാലാം നൂറ്റാണ്ടുമുതൽ തുടങ്ങിയ പിരിച്ചിലുകളുടെ ഫലങ്ങളാണ്. പല വിധത്തിലുള്ള കാരണങ്ങളാലാണ് ഈ വിധത്തിലുള്ള പിരിച്ചിലുകൾ സഭയിലുണ്ടായത്. പതിനാറാം ശതകത്തിനുശേഷമാണ് ഇന്നു കാണുന്ന വിധത്തിൽ അത്രവളരെ സഭകളുണ്ടായത്. എന്തെല്ലാം കാരണങ്ങൾ ആരെല്ലാം ഈ പിളർപ്പുകളെക്കുറിച്ചു പറഞ്ഞിരുന്നാലും, എല്ലാ സഭകളിലുമുള്ള ആത്മീയനേതാക്കന്മാർ മിക്കവരും സഭകളുടെ ഈ വൈവിദ്ധ്യത്തിൽ ഖേദിക്കുന്നുണ്ട്. ഇന്നു നാം ജീവിക്കുന്നത് ഐക്യത്തിനായി കാംക്ഷിക്കുന്ന ഒരു ക്രൈസ്തവലോകത്തിലാണ്. ക്രിസ്തീയസഭകൾ ഐക്യപ്പെടാതെ, വളർന്നുകൊണ്ടിരിക്കുന്ന ബാഹ്യശക്തികളുടെ മുമ്പിൽ സുവിശേഷത്തിന്റെ യഥാർത്ഥ വെളിച്ചം ഘോഷിക്കുക സാദ്ധ്യമല്ലാതെയായിത്തീർന്നിട്ടുണ്ട്. എന്നാൽ ഈ ഐക്യം എങ്ങനെ സാധിക്കാം? അവിടെയാണ് വി. യൂദായുടെ ലേഖനത്തിലെ ഉദ്ബോധനം സംഗതമായി വരുന്നത്. സഭകളുടെ ഐക്യത്തിനു ഒരു മാർഗ്ഗമേയുള്ളൂ. വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേല്പിച്ചുകിട്ടിയ വിശ്വാസത്തിൽ എല്ലാ സഭകളും ഒരുമിച്ചുചേർന്ന്, ആയതു ജീവിതത്തിൽ യഥാർത്ഥാനുഭവമാക്കുക. ഇങ്ങനെ പറയുക വിഷമമല്ല; എല്ലാവരും അതു സമ്മതിക്കുകയും ചെയ്യും. എന്നാൽ ഈ വിശ്വാസം ഏതാണ്? ഈ ചോദ്യത്തിനുത്തരം കൊടുക്കുമ്പോഴാണ് വിവിധ പ്രശ്നങ്ങൾ നമുക്കു നേരിടേണ്ടതായി വരുന്നത്.

ഒരിക്കലായി ഭരമേല്പിച്ചുകിട്ടിയ വിശ്വാസം എന്നു പറയുമ്പോൾ ലോകത്തിലുള്ള സഭകളിൽ ഏതെങ്കിലുമൊന്ന് ആയതു മാലിന്യരഹിതം പാലിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അത് ഏത് സഭയാണ്? ഇത്യാദി ചോദ്യങ്ങളെല്ലാം തരണം ചെയ്യേണ്ടതായി വരും. വളരെ വിഷമമേറിയ ഒരു മാർഗ്ഗമാണിത്. ഒരു സംഗതി തീർച്ചയായും പറയാവുന്നതാണ്. ഓരോ സഭയും ചില മൗലിക വിശ്വാസസത്യങ്ങൾ സ്വീകരിക്കുന്നുണ്ട്. അങ്ങനെ സ്വീകരിക്കുന്ന വിശ്വാസസത്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ആചാരമര്യാദകളും പാരമ്പര്യങ്ങളും ഒരോ സഭയിലും നിലവിലിരിക്കുകയും ചെയ്യുന്നു. ഒരു സഭയിലേക്കു ഇന്നു നോക്കിയാൽ അതു വിശ്വസിക്കുന്ന വിശ്വാസസത്യങ്ങളോടൊപ്പം പാരമ്പര്യങ്ങളും ആചാരമര്യാദകളും കാണാം. ഇവയെല്ലാം ഒരുപോലെ വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേല്പിച്ച വിശ്വാസത്തിന്റെ ഭാഗങ്ങളാണോ? അങ്ങനെയാണെങ്കിൽ സഭകളുടെ ഐക്യത്തിനുള്ള മാർഗ്ഗം, എല്ലാ സഭകളും വിശ്വാസസത്യങ്ങളിൽ മാത്രമല്ല, ആചാരമര്യാദകളിലും പാരമ്പര്യങ്ങളിലും യോജിച്ചേ മതിയാവൂ. ക്രിസ്തീയ സഭകൾ യോജിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നു കരുതി മൗലികങ്ങളായ സത്യങ്ങളെ ബലി കഴിച്ചുകൂടാ. അങ്ങിനെ ബലി കഴിച്ചുകൊണ്ടുള്ള ഐക്യപദ്ധതി യേശുക്രിസ്തുവിന്റെ തിരുഹിതത്തിനനുസരണമാണെന്നു പറവാൻ നിവൃത്തിയില്ല. സഭയിൽ നിലനിൽക്കേണ്ടത് ദൈവത്തിന്റെ നിത്യസത്യമാണ്. അതിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യാൻ ദൈവമാഗ്രഹിക്കുന്നില്ല. (തുടരും)

• മുഖമൊഴി •

ഭദ്രാസനങ്ങളും സിംഹാസനങ്ങളും

ആധുനിക ക്രൈസ്തവസഭാചരിത്രത്തിൽ നമ്മുടെ ശ്രദ്ധയാകർഷിക്കുന്ന രണ്ടു വാക്കുകളാണ് "ഭദ്രാസനവും സിംഹാസനവും." സിംഹങ്ങൾ കാവൽ നിൽക്കുന്ന ആസനം ഭദ്രമായിരിക്കുമല്ലോ? നിർഭാഗ്യവശാൽ, ഈ വാക്കുകളുടെ അർത്ഥം തലയ്ക്കു പിടിച്ചിരിക്കുന്നു എന്നതാണ് ആധുനിക ക്രൈസ്തവസഭാമേലദ്ധ്യക്ഷന്മാർക്കു സംഭവിച്ചിരിക്കുന്നത്. ഈ ലഹരി സഭകളുടെ പവിത്രതയ്ക്കും സാക്ഷ്യത്തിനും മങ്ങലേൽപ്പിച്ചിരിക്കുന്നു എന്നു പറയാതെ വയ്യ. ഇത് ഏദൻതോട്ടത്തിലെ മോഹപ്പഴം പോലെയാണ്.

ആദാമും ഹവ്വായും ഏദനിൽ താമസം തുടങ്ങിയപ്പോൾ തോട്ടത്തിന്റെ നടുവിൽ ആ മരം ഉണ്ടായിരുന്നു. അതിൽ പഴമുണ്ടോ എന്നൊന്നും അന്നവർ നോക്കിയില്ല. എന്നാൽ താമസമുറപ്പിച്ച് കൂടുതൽ സൗകര്യങ്ങൾക്കായി പരതുന്നതിനിടയിൽ അവർ ആ മരത്തെ "കണ്ടു"; പഴവും "കണ്ടു." ഒറ്റനോട്ടത്തിൽ ആ പഴം "കാണ്മാൻ ഭംഗിയുള്ളതും" "തിന്മാൻ നല്ലതു"മാണെന്ന് ഹവ്വായ്ക്ക് തോന്നി. തിന്നുന്നതിനു മുമ്പേ "ജ്ഞാനം പ്രാപിക്കാൻ" അവൾക്കു സാത്താന്റെ സഹായം കിട്ടി. ഹവ്വാ കൽപ്പിച്ചു; ആദം കേട്ടു. ഏതാണ്ടിതുപോലെയാണ് നമ്മുടെ പിതാക്കന്മാരുടെയും സ്ഥിതി!

പൗരോഹിത്യത്തിലേക്ക് കടന്നുവരുന്നതിനു മുമ്പ് അവർ സാധാരണ മനുഷ്യരാണ്; സാധാരണമനുഷ്യരെപ്പോലെയാണ്. "ദൈവവിളി" കേട്ട് ഏദൻതോട്ടത്തിലേക്കു കടന്നുവന്ന് ആത്മീയയാത്ര ആരംഭിക്കുമ്പോൾ ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം തുടങ്ങിയ മോഹപ്പഴങ്ങളുമായി സാത്താന്മാർ അവരെ മാടി വിളിക്കും. പാപികളുടെ വഴിയിലേക്കു നീങ്ങുമ്പോൾ "നിങ്ങൾ മരിക്കും" എന്നു ദൈവം പറയും; "നിങ്ങൾ ദൈവത്തെപ്പോലെയാകും" എന്നു സാത്താനും! സാത്താൻ പറഞ്ഞതാണ് ശരിയെന്നു തോന്നിത്തുടങ്ങുമ്പോൾ ഭദ്രാസനങ്ങളും സിംഹാസനങ്ങളും ഉയർന്നുവരും. ആത്മീയതയുടെ മൂടുപടത്തിൽ അൽപ്പം സുഖം; അത്രേയുള്ളൂ! അങ്ങനെ ഭദ്രാസനങ്ങളും സിംഹാസനങ്ങളും പ്രബലമാകുമ്പോൾ സഭയിൽനിന്നും ക്രിസ്തു അകലുന്നു. (പ്രധാന സഭകളുടെ പേരിലൊന്നും 'ക്രിസ്ത്യൻ' എന്ന വാക്കില്ല). "നിന്റെ കുരിശെടുത്ത് എന്നെ അനുഗമിക്ക" എന്ന് കർത്താവു പറയുമ്പോൾ രത്നങ്ങൾ പതിച്ച പൊന്നിൻ കുരിശിനുവേണ്ടി പൗരോഹിത്യം പരക്കം പായുന്നു. (ഓലക്കെട്ടിടങ്ങളിലും പ്ലാസ്റ്റിക് ഷീറ്റിനടിയിലും ആരാധിക്കുന്നവർ ഭക്തജനത്തിന്റെ പട്ടികയിൽ വരില്ല!!) പ്രാർത്ഥനയും പ്രസംഗവും ധ്യാനപരിപാടികളും എല്ലാം തന്നെ വെറും അഭിനയവും കലാപരിപാടികളുമായി അധഃപതിച്ചിരിക്കുന്നു. യൂട്യൂബിലും വാട്സാപ്പിലും നിറയെ പരസ്യങ്ങളാണ് - കുർബാന, പ്രൊമിയോൻ, ഹുത്തോമ്മാ... ഇന്നത്തെ ഓൺലൈൻ ആരാധനാസൗകര്യങ്ങൾ വിസ്മരിച്ചിട്ടല്ല ഇതെഴുതുന്നത്. പക്ഷേ യേശുക്രിസ്തുവിനും പത്രോസ് ശ്ലീഹായ്ക്കും തോമാശ്ലീഹായ്ക്കും ലഭിച്ച രക്തസിംഹാസനങ്ങൾ ആരോർമ്മിക്കുന്നു?

ഒരു വാർഷികാഘോഷം ഓർമ്മയിൽ വരുന്നു - കാൽകഴുകൽ ശുശ്രൂഷ. കർത്താവ് 12 പേരുടെ കാൽകഴുകിയത് ഒരു ലക്ഷ്യബോധത്തോടെയായിരുന്നു. ഇന്നു നടക്കുന്നത് ഒരു നാടകം മാത്രം! ഒരു ദിവസത്തേക്ക് താഴ്മ അഭിനയിക്കാനല്ലാതെ ഒരു വർഷത്തേക്ക് അത് പെരുമാറ്റത്തിൽ കൊണ്ടുവരാൻ ആരു ശ്രദ്ധിക്കുന്നു? ഇന്ന്, ക്രൈസ്തവ സഭകളുടെ അപചയത്തിന് ഒരു കാരണം പൗരോഹിത്യത്തിന്റെ ആത്മീയ ബലഹീനതയും അമിത ലൗകികബലവുമാണ്. തങ്ങൾക്കു കിട്ടുന്ന ചെറിയ പള്ളികളിലെ തുച്ഛമായ വരുമാനംകൊണ്ട് ജീവിക്കുവാൻ കുറെ നല്ല വൈദികർ ബുദ്ധിമുട്ടുമ്പോൾ ചുരുക്കം ചിലർക്ക് ദൈവം പണമാണ്. യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കാനാഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്ന ന്യൂനപക്ഷമായ വൈദികരും മേലദ്ധ്യക്ഷന്മാരും കർമ്മമണ്ഡലത്തിൽ ഒറ്റപ്പെടുന്നു. അവിടെയാണ് സന്നദ്രീം സംഘങ്ങളുടെ കടന്നുകയറ്റം!

ഓരോ അധികാരകേന്ദ്രത്തിനു ചുറ്റുമുള്ള ഉപജാപകവൃന്ദങ്ങളാണ് ഈ സന്നദ്രീം സംഘങ്ങൾ. "അവനെ ക്രൂശിക്ക" എന്ന മുദ്രാവാക്യം അവരെ ഹരം പിടിപ്പിക്കുന്നു. എതിരഭിപ്രായമുള്ളവരെ അവർ നിശ്ശബ്ദരാക്കുന്നു.

അങ്ങനെ പള്ളിയായാലും സഭയായാലും ഭൂരിപക്ഷത്തെ നിർവീര്യമാക്കി ന്യൂനപക്ഷം അകത്തളങ്ങളിൽ തേർവാഴ്ച നടത്തുന്നു. വഴിതെറ്റി വൈദികവൃത്തിയിൽ വന്നവർ അവർക്കു നേതൃത്വം കൊടുക്കുന്നു. ഇന്ന് എല്ലാ സഭകളുടെയും ഭരണസമിതികൾ വെറും നോക്കുകുത്തികൾ മാത്രം. അതിനൊരു കാരണം തങ്ങളുടെ മാനത്തിനുവേണ്ടി മാത്രം സമിതികളിൽ കയറിപ്പറ്റുന്ന ചിലരാണ്. മറ്റൊന്ന് ജനാധിപത്യത്തിന്റെ കുത്തൊഴുക്കിൽ ഗുണമേന്മ ബലികഴിക്കപ്പെടുന്നു എന്നുള്ളതും. രണ്ടായാലും നഷ്ടം തിരുസഭയ്ക്കു തന്നെ.

മറ്റൊരു രംഗത്തും തലയുയർത്തി നിൽക്കാൻ തക്ക കൈമുതലില്ലാത്ത ചിലർ പള്ളിക്കമ്മിറ്റികളിലും സഭാസമിതികളിലും കയറിപ്പറ്റുന്നു. പിന്നെ "വിശ്വാസവർദ്ധന"യ്ക്കു വേണ്ടിയുള്ള പ്രോജക്ടുകൾ, പണപ്പിരിവ്, അതിനു കൂട്ടുനിൽക്കുന്ന "വിശുദ്ധ" വൈദികർ... ഇതൊക്കെയാണ് ഇന്നത്തെ മിനിമം പോളിസി... ചുരുക്കത്തിൽ വല്ലവന്റെയും ചെലവിൽ സുഖജീവിതം! മേലദ്ധ്യക്ഷന്മാരാവട്ടെ, തങ്ങളുടെ രഹസ്യഅജണ്ട നടപ്പാക്കാൻ മുന്നോട്ടുവരുന്ന വൈദികരെയും വ്യക്തികളെയും തെരഞ്ഞുപിടിച്ച് പ്രോത്സാഹിപ്പിക്കുന്നു. പലരും, ജീവിച്ചിരിക്കുമ്പോൾത്തന്നെ "വിശുദ്ധ" പദവി ലഭിക്കാൻ വേണ്ടതു ചെയ്യുന്നുമുണ്ട്! ഇവരെല്ലാം കൂടി ഭക്തജനങ്ങളെ അടിച്ചമർത്തി വിശ്വാസത്തേക്കാൾ ആചാരങ്ങൾക്കു പ്രധാന്യമുള്ള മതപരമായ താലിബാനിസം നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

കൊറോണക്കാലം സഭാജീവിതത്തിൽ ആദ്യത്തെ ചാട്ടവാർ വീശിക്കഴിഞ്ഞു. ലക്ഷങ്ങൾ അംഗസംഖ്യയുണ്ടെന്ന് ഊറ്റം കൊണ്ടിരുന്നിടത്ത് അതിന്റെ മൂന്നിലൊന്നുപോലും ഇല്ല എന്ന നഗ്നസത്യം കോടികൾക്കു വേണ്ടിയുള്ള പരക്കംപാച്ചിലിൽ പിതാക്കന്മാരും വൈദികരും സന്നദ്രീം സംഘങ്ങളും സൗകര്യപൂർവ്വം വിസ്മരിക്കുന്നു. ഉള്ളസമയംകൊണ്ട് കിട്ടുന്നവരെ ഊറ്റി തങ്ങളുടെ കീശ നിറയ്ക്കുക... ആയതിനെ ദൈവാനുഗ്രഹമായി അവതരിപ്പിക്കുക... കൊട്ടാരങ്ങളും ബെൻസുവണ്ടികളും ഈ അനുഗ്രഹത്തിന്റെ ഭാഗമാണ്. പുത്തൻ സഭകളും ആൾദൈവങ്ങളുമെല്ലാം ഈ മാർക്കറ്റിൽ കട തുറന്നിട്ടുണ്ട്.

ഈ "ധന്യജീവിതം" നിർത്താൻ സമയമായി... സഭാപിതാക്കന്മാരും വൈദികരും ഉടൻതന്നെ രട്ടിലും വെണ്ണീറിലും കിടന്ന് ഒരു നിനവേ നോമ്പു നോക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആരാധനയുടെ പേരിൽ ഇവരൊക്കെ സൃഷ്ടിക്കുന്ന ശബ്ദകോലാഹലം കൊണ്ട് സഭാന്തരീക്ഷവും സമൂഹാന്തരീക്ഷവും മലിനമായിരിക്കുന്നു. ജനങ്ങൾ നിസ്സഹായരാണ്. ഭക്തജനങ്ങൾക്ക് മനസ്സു തുറന്ന് ഒന്നു പ്രാർത്ഥിക്കാൻ അൽപ്പം നിശ്ശബ്ദത കിട്ടിയാൽ മതിയായിരുന്നു.

പഴയ നിയമത്തിലെ പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ നിന്ന് ഒരു വേദവാക്യമെടുത്ത് ജനങ്ങളെ ഭയപ്പെടുത്തുന്നതല്ല സുവിശേഷം; പുതിയ നിയമത്തിൽ നിന്നൊരു ഭാഗമെടുത്തിട്ട് "എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" എന്നു പറയാൻ ആർക്കെങ്കിലും കഴിയുമോ? യാക്കോബായ സഭയിലെയും ഓർത്തഡോക്സ് സഭയിലെയും കുറഞ്ഞത് രണ്ടു മെത്രാന്മാരെങ്കിലും തങ്ങൾ "തിരുമേനി" എന്ന പേരിനു യോഗ്യരല്ല എന്ന് പരസ്യമായി പ്രഖ്യാപിച്ചു കഴിഞ്ഞു. (ഇതും കൈയടിയ്ക്കു വേണ്ടിയാണെന്നാരും പറയരുത്!) ദൈവസന്നിധിയിൽ നിന്ന് ഒരു വിരൽ പുറപ്പെട്ട് ഭിത്തിയിൽ എഴുതുന്നു: "മെനേ മെനേ തെക്കേൽ ഊഫർസീൻ" ദൈവം നിന്റെ രാജത്വം എണ്ണി അതിന് അന്തം വരുത്തിയിരിക്കുന്നു; തുലാസിൽ നിന്നെ തൂക്കി കുറവുള്ളനായി കണ്ടിരിക്കുന്നു... ദാനിയേൽ 5:25) "എന്നാൽ ശൂന്യമാക്കുന്ന മ്ലേച്ഛത അരുതാത്ത സ്ഥലത്ത് നിൽക്കുന്നത് നിങ്ങൾ കാണുമ്പോൾ - വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ..." (മർക്കോസ് 13:14) ഇതെല്ലാം വി. ബൈബിളിൽ തന്നെയുണ്ട്.

ദാനിയേലിന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ദൈവത്തിന്റെയും മനുഷ്യരുടെയും കണ്ണിൽ പല അതികായന്മാരുടെയും തൂക്കം കുറഞ്ഞിരിക്കുന്നു, രാജത്വം എണ്ണപ്പെട്ടുമിരിക്കുന്നു. ഇതെഴുതുന്നത് ആരെയും അപമാനിക്കാനല്ല, ബഹുമാനക്കുറവുകൊണ്ടുമല്ല, സഭയോടുള്ള സ്നേഹം കൊണ്ടാണ്; നാം ജീവിക്കുന്ന കാലഘട്ടത്തോട് നീതി പുലർത്താൻ വേണ്ടിയാണ്; ജനങ്ങളെ തൃണവൽഗണിച്ച് സ്വർഗ്ഗീയയാത്ര ചെയ്യുന്ന പിതാക്കന്മാരും അവരുടെ സന്നദ്രീം സംഘങ്ങളും അറിയുവാൻ ദൈവം കൽപ്പിച്ചിട്ട് എഴുതുന്നു... ദൈവത്തെ ഭയവും മനുഷ്യനെ ബഹുമാനവും ഉള്ള നല്ല പിതാക്കന്മാർ ക്ഷമിക്കുക. ◎

കൽപ്പടവുകൾ-3

ഫാ. ജോണി ജോർജ്ജ്
കോർ എപ്പിസ്കോപ്പാ



"തൊഹു വ ബൊഹു"
(Tohu and Bohu)

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു" (ഉല്പത്തി 1:1-2, Bible Society of India translation). ഒന്നും രണ്ടും വാക്യങ്ങൾ ചേർത്ത് "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചപ്പോൾ ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു" എന്നും മലയാളത്തിൽ വിവർത്തനമുണ്ട്. കെ.സി.ബി.സി ബൈബിൾ കമ്മിഷൻ തയ്യാറാക്കിയ വിവർത്തനത്തിൽ "... ഭൂമി രൂപരഹിതവും ശൂന്യവുമായിരുന്നു" എന്നാണുള്ളത്. എൻ.വി. കൃഷ്ണവാര്യരുടെ നേതൃത്വത്തിൽ ഭാഷാ പരിശോധനകൾ നടത്തി രൂപം നൽകിയ ഒരു ഓശാന പ്രസിദ്ധീകരണമായ മലയാളം ബൈബിളിലെ വിവർത്തനം "...ഭൂമി ആകൃതിയില്ലാത്തതും ശൂന്യവുമായിരുന്നു" എന്നാണ്. (Footnote ആയി "ദൈവം ആകാശവും ഭൂമിയും സൃഷ്ടിക്കാൻ തുടങ്ങിയപ്പോൾ" എന്ന് കൊടുത്തിട്ടുണ്ട്). ഇംഗ്ലീഷ് ഭാഷയിൽ പാഴായും ശൂന്യമായും എന്നുള്ളതിന് പൊതുവെ 'without form and void' എന്നാണ് ഉപയോഗിച്ചിട്ടുള്ളത്. മൂലഭാഷയായ 'ഹീബ്രു'വിൽ 'തൊഹു വ ബൊഹു" (Tohu and Bohu) എന്ന പ്രയോഗമാണ് ഉള്ളത്. ഇതിന് ഭാഷാപണ്ഡിതന്മാർ "confusion and emptiness" എന്ന് അർത്ഥം കൊടുത്തു കാണുന്നു.

"ആകാശവും ഭൂമിയും", ലോകം മുഴുവനെയും ദ്യോതിപ്പിക്കുന്നു. ദൃശ്യലോകത്തെയും ദൃശ്യാകാശത്തെയും ആണ് അത് സൂചിപ്പിക്കുന്നത്. പഴയ ഹീബ്രുഭാഷയിൽ 'ലോകം' എന്ന പദമില്ലെന്ന് ഭാഷാപണ്ഡിതന്മാർ പറയുന്നു. 'ആകാശവും ഭൂമിയും' കടലും കരയും അവയിലുള്ളവയൊക്കെയും, പ്രപഞ്ചം, സൗരയൂഥങ്ങൾ, നക്ഷത്രസമൂഹങ്ങൾ, ഇവ എല്ലാറ്റിനേയും ഉൾക്കൊള്ളുന്നു. അതേ സമയം, സൂര്യചന്ദ്രന്മാരേക്കാൾ അധികമായി മനുഷ്യനും അവന്റെ ആവശ്യങ്ങൾക്കും ജീവിതത്തോടനുബന്ധിച്ചുള്ള മറ്റു കാര്യങ്ങൾക്കും ഏറ്റവും പ്രാധാന്യം നൽകിക്കാണുന്നു. ബൈബിളിലെ ലോകം ആരംഭമുള്ളതും മനുഷ്യരും ജീവജാലങ്ങളും അധിവസിക്കുന്നതും പൂർത്തീകരണം പ്രാപിക്കേണ്ടതുമാണ്. പൗലൊസ് ശ്ലീഹാ പറയുന്നതുപോലെ "...അത് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടുതന്നെ" (എഫെസ്യർ 1:10). "ക്രിസ്തുവിൽ ഒന്നായി ചേർക്ക" എന്നുള്ളതിന് 'to unite all things in him' എന്നാണ് RSV. "To sum up all things in Christ" എന്നാണ് മറ്റൊരു English translation.

"പാഴായും ശൂന്യമായും" കിടന്ന ഭൂമി വെള്ളം കൊണ്ട് മൂടിക്കിടന്നു. ആ ഒരു അവസ്ഥയെ മൂലഭാഷയിൽ "തൊഹു വ ബൊഹു" എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഈ രണ്ട് വാക്കുകൾ തന്നെയാണ് യെശയ്യാ 34:11-ൽ ഉപയോഗിച്ചിരിക്കുന്നത്. ഇതിന് വ്യത്യസ്തങ്ങളായ ഭാഷാപ്രയോഗങ്ങൾ പല തർജ്ജമകളിലും കാണാം. Confusion and emptiness, confusion and chaos, സംഭ്രാന്തിയും ശൂന്യതയും, സംഭ്രാന്തിയും കുഴപ്പവും, പാഴും ശൂന്യവും,

ഇങ്ങനെ പോകുന്നു ഈ തർജ്ജമകൾ. സർവ്വലോകത്തിനുമെതിരായ ഒരു പ്രവചനമാണ് യെശയ്യാ 34-ാം അദ്ധ്യായത്തിലുള്ളത്. മനുഷ്യർ പാപത്തിന്റെയും നാശത്തിന്റെയും വഴിയിലാണ്. നിയന്ത്രിക്കാൻ സാധിക്കാത്ത, അതിർത്തിയില്ലാത്ത പാതയിലാണ് ലോകം ചരിക്കുന്നത്. കോട്ടകൊത്തളങ്ങൾ ശൂന്യമായിക്കൊണ്ടിരിക്കുന്നു. പ്രൗഢി വിളിച്ചറിയിച്ചിരുന്ന പട്ടണങ്ങളും സൗധങ്ങളും അപ്രത്യക്ഷമായിരിക്കുന്നു. (മദ്ധ്യപൗരസ്ത്യരാജ്യങ്ങളിലും അറബിനാടുകളിലും നൂറ്റാണ്ടുകൾക്കു മുമ്പ് നിലനിന്നിരുന്ന നിർമ്മിതികൾ ഉത്ഖനനത്തിൽ കണ്ടെത്തിയിട്ടുണ്ട്. പല മരുഭൂമികളും ഒരു കാലത്ത് വെള്ളത്തിനടിയിലായിരുന്നു. വൻനദികൾ വറ്റിവരണ്ടിരിക്കുന്നു. വൻക്ഷേത്രങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും അവയുടെ അവശിഷ്ടങ്ങളാൽ മാത്രം ഇന്ന് അറിയപ്പെടുന്നു). സംഭ്രാന്തി ഉളവാക്കുന്ന സാഹചര്യമാണ് എവിടെയും. ശൂന്യതയാണ് എല്ലായിടത്തും. "ജാതികളേ, അടുത്തുവന്ന് കേൾപ്പിൻ. വംശങ്ങളേ ശ്രദ്ധ തരുവിൻ. ഭൂമിയും അതിന്റെ നിറവും ഭൂതലവും അതിൽ മുളക്കുന്നതൊക്കെയും കേൾക്കട്ടെ. യാഹോവയ്ക്ക് സകല ജാതികളോടും കോപവും അവരുടെ സർവ്വസൈന്യങ്ങളോടും കോപവും ഉണ്ട്. അവൻ അവരെ ശപഥാർപ്പിതമായി കൊലയ്ക്ക് ഏല്പിച്ചിരിക്കുന്നു... അവിടുത്തെ തോടുകൾ കീലായും മണ്ണ് ഗന്ധകമായും നിലം കത്തുന്ന കീലായും ഭവിക്കും. രാവും പകലും അത് കെടുകയില്ല... തലമുറതലമുറയായി അത് ശൂന്യമായിക്കിടക്കും. ഒരുത്തനും ഒരിക്കലും അതിൽക്കൂടി കടന്നുപോകയില്ല... അവൻ അതിന്മേൽ പാഴിന്റെ നൂലും ശൂന്യത്തിന്റെ തൂക്കുകട്ടിയും പിടിക്കും." (യെശയ്യാവ് 34:1-11).

"പാഴായും ശൂന്യമായും കിടന്ന ഭൂമിയിൽ (പ്രകൃതിയിൽ) ദൈവാത്മാവിന്റെ പ്രവർത്തനം ഉണ്ടായപ്പോൾ വന്ന മാറ്റങ്ങൾ നിർവ്വചനാതീതമാണ്. എങ്കിലും അവയെ സംബന്ധിച്ചുള്ള ഒരു ചെറുവിവരണം പ്രയോജനപ്രദമായിരിക്കുമല്ലോ. വാസ്തവത്തിൽ അധിവാസയോഗ്യമായ ഒരു വലിയ കെട്ടിടം പോലെയാണ് ആകാശവും ഭൂമിയും (പ്രകൃതി). ദൈവം അതിൽ സർവ്വ സാധന സാമഗ്രികളും ഒരുക്കി, ഏറ്റവും ഭംഗിയായ നിലയിൽ മനുഷ്യന് നൽകി; താമസിക്കാനും മോടി പിടിപ്പിക്കാനും, സംരക്ഷിക്കാനും, മറ്റ് ജീവജാലങ്ങളുമായി സമരസപ്പെട്ട് ജീവിക്കാനുമായി. ദൈവം ഒരുക്കിത്തന്ന പ്രകൃതിയെക്കുറിച്ച് അഞ്ചു കാര്യങ്ങൾ പറയാവുന്നതാണ്:

1. ആകൃതിയിലും പ്രകൃതത്തിലും വ്യത്യസ്തങ്ങളായ (variety) ജീവജാലങ്ങൾ - എല്ലാം മനുഷ്യന്റെ പ്രയോജനത്തിനായി.
2. കണ്ണിനും മനസ്സിനും കുളിർമ്മയേകുന്ന കാഴ്ചകളുടെ കേദാരം. കടലും കരയും ഒരുപോലെ ആകർഷണീയം. ഓരോന്നും (every item) അതിന്റെ പരിപൂർണ്ണതയിൽ സൃഷ്ടിച്ചിരിക്കുന്നു.
3. പ്രസിദ്ധ തത്വചിന്തകനായ ഇമ്മാനുവേൽ കാന്റ് പറയുന്നതുപോലെ "നക്ഷത്രനിബിഡമായ ആകാശവും മനുഷ്യനിലെ ആന്തരികമായ ധാർമ്മികബോധവും (എന്നെ) അത്ഭുതപരതന്ത്രനാക്കുന്നു" (The starry sky above and the moral law within marvel me). വാസ്തവത്തിൽ ബാഹ്യലോകവും ആന്തരിക ലോകവും വ്യത്യസ്തങ്ങളാണ്; അതേ സമയം അനന്തവുമാണ്.
4. ശൂന്യമായിരുന്ന ഭൂമി ഇന്ന് അതുല്യമായ അനേകശക്തികളുടെ ഉറവിടമാണ്. ഉദാ: കാന്തശക്തി, അഗ്നിപർവ്വതങ്ങൾ, ഭൂമികുലുക്കങ്ങൾ.
5. അന്യോന്യമുള്ള ബന്ധങ്ങളും നിലനില്പും. പ്രകൃതിയിലെ ഓരോ വസ്തുവും അന്യോന്യം ആകർഷണമുള്ളതായും ബന്ധപ്പെട്ടുമിരിക്കുന്നു. ◎

ബൈബിൾ ചിന്തകൾ - 97

പ്രൊഫ. എം. വൈ. യോഹന്നാൻ



കൊടുങ്കാറ്റുകൾ അടങ്ങും

"അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോട് നിലവിളിച്ചു; അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽ നിന്നു വിടുവിച്ചു. അവൻ കൊടുങ്കാറ്റിനെ ശാന്തമാക്കി; തിരമാലകൾ അടങ്ങി. ശാന്തത വന്നതുകൊണ്ട് അവർ സന്തോഷിച്ചു; അവർ ആഗ്രഹിച്ച തുറമുഖത്ത് അവൻ അവരെ എത്തിച്ചു" (സങ്കീ. 107:28-30).

"അവൻ എഴുന്നേറ്റ് കാറ്റിനെയും വെള്ളത്തിന്റെ കോപത്തെയും ശാസിച്ചു; അവ അമർന്നു ശാന്തത ഉണ്ടായി" (ലൂക്കോസ് 8:24).

ചുഴലിക്കാറ്റ് ശക്തി പ്രാപിക്കുന്നു. തിരമാലകൾ ആഞ്ഞടിക്കുന്നു. പടക് ആടിയുലയുന്നു. കടലിലെ വെള്ളം പടകിലേക്ക് കയറുന്നു. ശിഷ്യന്മാർ കൈക്കുമ്പിളിൽ വെള്ളം കോരിക്കളയാൻ ശ്രമിക്കുന്നു. പക്ഷെ അതിലേറെ വെള്ളം പിന്നെയും കയറുകയാണ്. പടക് മുങ്ങിപ്പോകുമെന്നു ഭയന്ന ശിഷ്യന്മാർ തളർന്നു വലഞ്ഞു. അവൻ കാറ്റിനെയും കടലിനെയും ശാസിച്ചപ്പോൾ വലിയ ശാന്തതയുണ്ടായി.

ശാന്തമായ യാത്രയായിരുന്നു. പെട്ടെന്നാണ് കാര്യങ്ങൾ തകിടം മറിഞ്ഞത്. കാറ്റ് പ്രതികൂലമായി വീശുന്നു. ജനം വലയുന്നു. പ്രതീക്ഷിച്ചതുപോലെയല്ല കാര്യങ്ങൾ നടക്കുന്നത്. അനേകമനേകം പ്രതിസന്ധികൾ. പ്രതീക്ഷകളെല്ലാം അറ്റു പോകുന്നു.

രോഗങ്ങളുടെ കൊടുങ്കാറ്റ്. വേർപാടിന്റെ കൊടുങ്കാറ്റ്. കടബാധ്യതകളുടെ കൊടുങ്കാറ്റ്. ജീവിതത്തിൽ അനേകമനേകം കൊടുങ്കാറ്റുകൾ. മക്കളെയോർത്ത് നെടുവീർപ്പിടുന്നവർ, കുടുംബത്തിൽ ഐക്യമില്ലാതെ വിഷമിക്കുന്നവർ, നിലവിലുണ്ടായിരുന്ന വരുമാനമാർഗ്ഗം അടഞ്ഞുപോയതിൽ പകച്ചുപോയവർ, എന്നെ കരുതുവാനും ഒന്നു താങ്ങുവാനും ആരുമില്ലല്ലോ എന്നോർത്ത് കേഴുന്നവർ, എനിക്കനുകൂലമായി ആരുമില്ലല്ലോ എന്ന് ചിന്തിച്ചു പോകുന്ന സന്ദർഭങ്ങൾ.

"രാത്രിയിലെ നാലാം യാമത്തിൽ അവൻ കടലിന്മേൽ നടന്ന് അവരുടെ അടുക്കൽ വന്നു" (മത്തായി 14:25).

കാറ്റ് പ്രതികൂലമാകകൊണ്ട് തിരകളാൽ വലയുന്ന ശിഷ്യന്മാരുടെ കഷ്ടതയറിഞ്ഞ് യേശു പെരുവെള്ളത്തിന്മേൽ നടന്ന് തിരമാലകളെ ചവിട്ടിമെതിച്ച് അവരുടെ അരികിലെത്തി. അവൻ പടകിൽ കയറിയപ്പോൾ കാറ്റ് അമർന്നു.

നാമാരും തളർന്നിരിക്കാൻ യേശു ആഗ്രഹിക്കുന്നില്ല. പ്രതിസന്ധിഘട്ടങ്ങളിൽ നമ്മെ സഹായിക്കാൻ മനുഷ്യർക്ക് കഴിഞ്ഞെന്നു വരില്ല. അവർക്ക് നമ്മോട് സ്നേഹമുണ്ട്, സഹതാപമുണ്ട്. പക്ഷെ യാതനാവേളകളിൽ, വേദനാവിഷയങ്ങളിൽ, പ്രശ്നസങ്കീർണ്ണമായ അനുഭവങ്ങളിൽ നമ്മെ സഹായിക്കാൻ യേശുവിനു മാത്രമേ കഴിയൂ. അവൻ നമ്മെ സഹായിക്കും. യേശു വൈകുകയില്ല. കൊടുങ്കാറ്റുകളുടെ പിന്നിൽ, ദുരിതങ്ങളുടെ പിന്നിൽ ഒരു കൊടിയ ഭീകരനുണ്ട്. നമ്മെ തളർത്താൻ, നമ്മുടെ ആത്മീയശക്തി ചോർത്തിക്കളയുവാൻ ദുഷ്ടനായ പിശാച് ഓരോ തരത്തിൽ നമ്മെ ആക്രമിച്ചുകൊണ്ടിരിക്കുന്നു. ദുരാത്മാക്കൾ നമ്മെ നശിപ്പിക്കാൻ നിരന്തരം അധ്വാനിച്ചുകൊണ്ടിരിക്കുന്നു. പൈശാചികന് അവകാശം പറയുവാൻ ഒരു വകയുമില്ലാത്ത ജീവിതം നയിക്കുമെന്ന സമർപ്പണമാണ് നമുക്ക് ആവശ്യം. അപ്പോൾ ദൈവം ഇടപെടും. സകലവും നന്മയ്ക്കായി രൂപാന്തരപ്പെടുത്തും.

"അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കയും ചെയ്യുന്നവൻ യഹോവയെക്കുറിച്ച്: അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു. അവൻ നിന്നെ വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽനിന്നും വിടുവിക്കും. തന്റെ തൂവലുകൾ കൊണ്ട് അവൻ നിന്നെ മറെയ്ക്കും; അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും. അവന്റെ വിശ്വസ്തത നിനക്കു പരിചയും പലകയും ആകുന്നു" (സങ്കീ. 91:1-4).

കാറ്റിനെയും കടലിനെയും സൂര്യനെയും ചന്ദ്രനെയും ഗ്രഹങ്ങളെയും ഉപഗ്രഹങ്ങളെയും ഈ സകല പ്രപഞ്ചത്തെയും നിയന്ത്രിക്കുന്ന കർത്താവായ യേശുക്രിസ്തു ഹൃദയത്തിൽ വസിക്കുന്നു എങ്കിൽ ഒരു ദശാന്ത്യദോഷവും നമ്മെ ബാധിക്കുകയില്ല. മിത്രങ്ങൾ ശത്രുക്കളായി എന്നുവരാം. സ്നേഹിതർ വഴി മാറിപ്പോയി എന്നുവരാം. ഒരു കാലത്ത് മറ്റുള്ളവരിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന അംഗീകാരം നഷ്ടപ്പെട്ടു എന്നുവരാം. എന്നാൽ അപ്പോഴെല്ലാം സഹതാപത്തോടെ, വാത്സല്യത്തോടെ ചേർന്നു നിന്നു നമ്മെ തഴുകുന്ന ക്രൂശിതന്റെ തൃക്കരങ്ങളുടെ തലോടലാണ് നമുക്ക് ആകെയുള്ള ബലം.

Gladys Aylward ചൈനയിലെ ഒരു മിഷനറി ആയിരുന്നു. അവർ അവിടെ നൂറ് അനാഥബാലികമാരെ സംരക്ഷിച്ചുപോന്നു. ഒരിക്കൽ അവരുടെ താമസസ്ഥലമായ Yunchery ജപ്പാൻ സൈന്യം ആക്രമിച്ചു. ഒരു സഹായിയോടൊപ്പം ആ അനാഥബാലികമാരെയും കൂട്ടിക്കൊണ്ട് Gladys പർവ്വതങ്ങളുടെ മറപറ്റി ഓടിക്കൊണ്ടിരുന്നു. അവർ വളരെ ഭയപരവശയായിത്തീർന്നു. അപ്പോൾ ആ കൂട്ടത്തിലുള്ള പതിമൂന്നു വയസ്സുള്ള ഒരു കുട്ടി, മോശ യിസ്രായേൽ ജനത്തെ ചെങ്കടലിൽക്കൂടി നടത്തിയ കഥ പറഞ്ഞ് ഗ്ലാഡിസിന്റെ ഭയമകറ്റാൻ ശ്രമിച്ചു. അതുകേട്ട് ഗ്ലാഡിസ് നെടുവീർപ്പോടെ പറഞ്ഞു: "തീർച്ചയായും മമ്മ മോശയല്ല. എന്നാൽ അന്നത്തെ ദൈവം തന്നെയാണ് ഇന്നത്തെയും ദൈവം. ദൈവത്തിനു മാറ്റമില്ലല്ലൊ."

ചെങ്കടൽ പിളർന്ന ദൈവം, പാറയിൽ നിന്ന് വെള്ളം പുറപ്പെടുവിച്ച ദൈവം, മാറായിലെ കയ്പുള്ള വെള്ളം മധുരമാക്കിയ ദൈവം, മരുഭൂമിയിൽ മേഘംകൊണ്ട് തണൽ വിരിച്ച ദൈവം, ആ ദൈവം ഇന്നും ജീവിക്കുന്നു. *"അതുകൊണ്ട് പുരുഷന്മാരേ, ധൈര്യത്തോടിരിപ്പിൻ; എന്നോട് അരുളിച്ചെയ്തതു പോലെ തന്നെ സംഭവിക്കും എന്നു ഞാൻ ദൈവത്തെ വിശ്വസിക്കുന്നു"* (Acts 27:25).

ഈശാനുമൂലൻ എന്ന കൊടുങ്കാറ്റ് ആഞ്ഞടിച്ച് കപ്പൽ ആടിയുലയുകയാണ്. പക്ഷെ *"പൗലൊസേ ഭയപ്പെടേണ്ട"* എന്ന ദൈവദൂതന്റെ വാക്കുകളിൽ ഉറച്ചു വിശ്വസിച്ച് പൗലൊസ് സംഭ്രമിച്ചിരുന്ന 275 സഹയാത്രികരെ ധൈര്യപ്പെടുത്തുന്നു. ദൈവത്തിന്റെ വചനം കണ്ണുമടച്ച് വിശ്വസിക്കാൻ കഴിയുന്നത് ഒരു വലിയ കൃപയാണ്. *"വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും."* വിശ്വാസികൾ എന്നഭിമാനിക്കുന്നവരുടെ ഹൃദയത്തിലും ശത്രുവായ പിശാച് അവിശ്വാസ ചിന്തകൾ കൊണ്ടുവരും. സ്വയ ന്യായീകരണങ്ങൾ കൊണ്ടുവരും. ദൈവത്തെ ചോദ്യം ചെയ്യുന്ന ചിന്തകൾ ഉയർത്തിക്കൊണ്ടുവരും. അപ്പോൾ ഇതുവരെ നിന്നതെല്ലാം ദൈവത്തിന്റെ കൃപ മാത്രമാണെന്ന സത്യം തിരിച്ചറിഞ്ഞുകൊണ്ട്, ഒരു മകൻ അപ്പനോട് ചോദിക്കുന്നതുപോലെ, വീണ്ടും ദൈവത്തിന്റെ കരുണയ്ക്കായി യാചിക്കുക. ക്രൂശിലെ നിത്യസ്നേഹം കണ്ടെത്തി അതിൽ ലയിക്കുക.

എന്നും രാത്രിയല്ല; ഒരു പ്രഭാതമുണ്ട്. യാതൊരു നിബന്ധനകളുമില്ലാതെ നമ്മുടെ ജീവിതം യേശുവിന്റെ കരങ്ങളിലേക്ക് സമർപ്പിച്ചു കഴിയുമ്പോൾ നീതിസൂര്യൻ ഉദിക്കും. നാം ആഗ്രഹിച്ച തുറമുഖത്ത് അവൻ നമ്മെ എത്തിക്കും. ◎

പ്രൊഫ. മാത്യു കോശി



ഏലിയാവ്– ശ്രേഷ്ഠ പ്രവാചകൻ

(തുടർച്ച)

നിരാശയിൽ നിന്ന് നിയോഗത്തിലേക്ക്

കർമ്മേൽ പർവ്വതത്തിന്റെ മുകളിൽ ആഹാബ് രാജാവും അകമ്പടികളും 850 അന്യദേവ പ്രവാചകന്മാരും ഒരു വശത്തും, ഏലിയാവ് തനിയെ മറുവശത്തും നിന്ന് നടത്തിയ യാഗത്തിന്റെ കഥ നേരത്തെ സൂചിപ്പിച്ചിരുന്നു. 850 അന്യദേവ പ്രവാചകന്മാരെ ഏലിയാവ് കൊല ചെയ്തതിന്റെ അനന്തരഫലമായി ഏലിയാവിനെ ഒരു ദിവസത്തിനകം കൊന്നുകളയും എന്ന് ഈസേബെൽ പ്രതിജ്ഞ എടുക്കുന്നു. ഭയചകിതനായ ഏലിയാവ് പ്രാണരക്ഷക്കായി അവിടെനിന്ന് പുറപ്പെട്ട് മരുഭൂമിയിൽ ഒരു ദിവസത്തെ വഴി ചെന്ന് നിരാശനായി ഒരു ചൂരച്ചെടിയുടെ തണലിൽ ഇരുന്ന് മരിപ്പാൻ ആഗ്രഹിച്ചു. *"ഇപ്പോൾ മതി, യഹോവേ, എന്റെ പ്രാണനെ എടുത്തു കൊള്ളേണമേ; ഞാൻ എന്റെ പിതാക്കന്മാരെക്കാൾ നല്ലവനല്ലല്ലോ എന്ന് പറഞ്ഞു."* (1 രാജാ. 19:4).

ഏലിയാവ് ഇത്രയും പറഞ്ഞശേഷം ചൂരച്ചെടിയുടെ കീഴിൽ കിടന്ന് ഉറങ്ങുന്നതായി നാം കാണുന്നു. നിരാശയുടെ പടുകുഴിയിലായവന് ഇത്രയും സമാധാനമായി ഉറങ്ങാൻ കഴിയുമോ? ഏലിയാവ് തന്റെ വിഷമം ദൈവമുമ്പാകെ സമർപ്പിച്ചു. പരിഹാരം ദൈവത്തിന്റെ പക്കലുണ്ട് എന്ന് ഏലിയാവിന് ഉറപ്പായിരുന്നു. ആ ബലത്തിൽ ആശ്രയിച്ച ഏലിയാവിന് പ്രതികൂല സാഹചര്യത്തിലും സമാധാനത്തോടെ ഉറങ്ങുവാൻ കഴിഞ്ഞു. വളരെ ധൈര്യവാനായി പ്രവർത്തിച്ച ഏലിയാവിന് ഇപ്പോൾ ചില നിമിഷങ്ങളിൽ നിരാശയുടെ അനുഭവം ഉണ്ടായി. ദൈവജനങ്ങൾ പലപ്പോഴും നിരാശയുടെ അനുഭവത്തിൽക്കൂടിയും കടന്നുപോകുന്നതായി നാം കാണുന്നു.

തനിക്ക് ഈ ലോകത്തിൽ ദൈവം കൊടുത്ത ചുമതലകൾ പൂർത്തീകരിച്ചു എന്ന് ഏലിയാവ് ചിന്തിച്ചു. ബാലിന്റെയും അശേരായുടെയും പ്രവാചകന്മാരെ ഇല്ലാതാക്കി. യഹോവതന്നെ സത്യദൈവമെന്ന് രാജാവും ജനങ്ങളും മനസ്സിലാക്കി. കർമ്മേൽ പർവ്വതത്തിലെ യാഗത്തിന്റെ അവസാനം സംഭവിച്ചത് ഇപ്രകാരം കാണുന്നു: *"ജനം എല്ലാം അതുകണ്ട് കവിണ്ണു വീണു; യഹോവതന്നെ ദൈവം എന്നുപറഞ്ഞു."* (1 രാജാ. 18:39). ഇതായിരുന്നു ഏലിയാവിന്റെ ദൗത്യം; യഹോവ ദൈവം എന്ന് തെളിയിച്ചു കൊടുത്തു.

നിയോഗത്തിലേക്ക് നയിക്കുന്ന ദർശനം

ഏലിയാവ് നന്നായി ഉറങ്ങുകയായിരുന്നപ്പോൾ ഒരു ദൂതൻ അവനെ തട്ടി ഉണർത്തിയിട്ട് എഴുന്നേറ്റ് തിന്നുക എന്നു പറഞ്ഞു. തന്റെ മുമ്പിൽ കണ്ട കനലിന്മേൽ ചുട്ട ഒരു അടയും ഒരു തുരുത്തി വെള്ളവും ഏലിയാവ് തിന്ന് കുടിച്ചശേഷം വീണ്ടും ഉറങ്ങിപ്പോയി. ദൂതൻ രണ്ടാം പ്രാവശ്യവും പറയുന്നു: *"എഴുന്നേറ്റ് തിന്നുക; ദൂരയാത്ര ചെയ്യേണ്ടതാണല്ലോ."* വീണ്ടും എഴുന്നേറ്റ് തിന്നു കുടിച്ചു. അതിന്റെ ബലത്താൽ നാല്പതു രാവും നാല്പതു പകലും ദൈവത്തിന്റെ പർവ്വതമായ ഹോരേബ് വരെ ഏലിയാവ് നടന്നതായി കാണുന്നു.

ഹോരേബ് പർവ്വതത്തിലെ ഒരു ഗുഹയിൽ ഏലിയാവ് രാപാർക്കുന്നു. യഹോവ ഏലിയാവിന് പ്രത്യക്ഷനായി ഇവിടെ നിനക്കെന്തു കാര്യം എന്ന് ചോദിക്കുന്നു. ഏലിയാവ് പറയുന്നത് താൻ യഹോവക്കായി ഇന്നിന്ന കാര്യങ്ങൾ ചെയ്തു എന്നാണ്. യഹോവയുടെ പ്രവാചകനായി താൻ മാത്രമേ ശേഷിച്ചിട്ടുള്ളൂ

(ശേഷം പേജ് 14-ൽ)

ആദരാഞ്ജലികൾ

മൂന്നാം വാർഷികം (24.10.2020)



അഭിവന്ദ്യ ഡോ. സഖറിയാ മാർ തെയോഫിലസ് മെത്രാപ്പോലീത്താ

മലബാർ ഭദ്രാസനം

കോയമ്പത്തൂർ തടാകം ക്രിസ്തുശിഷ്യ ആശ്രമത്തിൽ അന്ത്യവിശ്രമം

Inserted by
Cherian Thomas (Vinoo), Chennai

പുണ്യസ്മരണ

ഫാ. അജി ഏബ്രഹാം നിലമ്പൂർ



കടമ മറന്നാലും കരുണ മറക്കരുത്

തനിക്കുവേണ്ടി ജീവിക്കുന്നവൻ ഒരിക്കലും സ്മരിക്കപ്പെടുകയില്ല. മറ്റുള്ളവർക്കായി ജീവിക്കുന്നവൻ ഒരിക്കലും വിസ്മരിക്കപ്പെടുകയുമില്ല"

– സ്വാമി വിവേകാനന്ദൻ

പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി പുതുശ്ശേരി മന്തനാംകുഴിയിൽ വീട്ടിൽ ജനിച്ച് മലങ്കര സഭയിൽ എം.സി. ചെറിയാൻ ശെമ്മാശൻ എന്ന നാമധേയത്തിൽ അനേക വർഷങ്ങൾ തന്റെ പ്രവർത്തനമേഖലകളിൽ ലാളിത്യവും, വിശുദ്ധിയും, കരുണയും പകർന്ന് കൊടുത്ത്, രക്തദാനം ജീവിതചര്യയാക്കി ദൈവസംസർഗവും ജീവിതത്തിൽ വി. കുർബാനയും ജീവിത വ്രതമാക്കി, കരുതലും കാരുണ്യവും ജീവിതത്തിൽ ചേർത്ത് പിടിച്ച് 50 വർഷക്കാലം വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രവർത്തകനായും അമരക്കാരനായും ശുശ്രൂഷ ചെയ്ത്, ഒരു വ്യാഴവട്ടക്കാലം മലബാർ ഭദ്രാസനത്തിന്റെ ശ്രേഷ്ഠ ഇടയനായിത്തീർന്ന്, കാൻസർ എന്ന തീവ്രമായ രോഗത്തെയും വേദനകളെയും പ്രവർത്തനംകൊണ്ടും തിരുബലികൾകൊണ്ടും നേരിടാം എന്ന് പഠിപ്പിച്ച്, ഒടുവിൽ പറുദീസായുടെ ഭാഗ്യങ്ങളിലേക്ക് 2017 ഒക്ടോബർ 24- ന് യാത്രയായി, അന്തിയുറങ്ങുവാൻ കൊതിച്ച മണ്ണിൽ തടാകത്തിന്റെ നിഴലിൽ ബിഷപ്പ് പക്കൻഹാം വാൽഷിനോട് ചേർന്ന് കബറടക്കപ്പെടുകയും ചെയ്ത അഭി. ഡോ. സഖറിയ മാർ തെയോഫിലോസ് തിരുമേനിയുടെ ഭാഗ്യസ്മരണകൾക്ക് മുമ്പിൽ പ്രണാമം അർപ്പിക്കട്ടെ.

ഒരു ജനസമൂഹത്തെ പട്ടിണിയിൽ നിന്നും അനാഥത്വത്തിൽ നിന്നും പാർപ്പിടമില്ലായ്മയിൽ നിന്നും രക്ഷിക്കാൻ മലബാറിന്റെ മലയോര മേഖലകളിൽ കാട്ടിലും മേട്ടിലും താമസിച്ചവർക്ക് അക്ഷരമെന്ന ആത്മാവിനെ നല്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ കൊണ്ടുവന്ന് അഭയം നൽകുവാനും അപ്രകാരം അനേക മനുഷ്യർക്ക് ദൈവത്തെ പകർന്നുകൊടുത്ത് വിമോചനത്തിന്റെ നേതൃത്വം നൽകുവാനും ഈ പിതാവിന് സാധ്യമായി. അനുദിന ബലിയർപ്പണത്തിലൂടെ തിരുബലിയെ അടങ്ങാത്ത പ്രേമത്തോടെ പുൽകുവാൻ ദൈവസ്നേഹിതൻ എന്നർത്ഥമുള്ള ഈ പിതാവിന് സാധ്യമായി. രോഗത്തിന്റെ വേദനയിൽ വെന്ത് നീറിയപ്പോഴും വി. കുർബാന

(ശേഷം പേജ് 16-ൽ)

(തുടർച്ച പേജ് 11)
എന്നും ഏലിയാവ് പറയുന്നു. ഗുഹാമുഖത്തു വന്ന് നിൽക്കുവാൻ യഹോവ ഏലിയാവിനോട് കല്പിച്ചു. അവിടെ ഏലിയാവ് യഹോവയുടെ മൃദുസ്വരം കേൾക്കുകയും അവന്റെ നിയോഗങ്ങൾ സ്വീകരിക്കുകയും ചെയ്തു.

നിയോഗങ്ങൾ

ഏലിയാവ് നിരാശനായി താൻ മാത്രമേ യഹോവയുടെ പ്രവാചകനായുള്ളൂ എന്ന് പറഞ്ഞതിന് മറുപടിയായി ലഭിച്ച യഹോവയുടെ വാക്കുകൾ തനിക്കു വളരെ ആശ്വാസപ്രദമായി ഭവിച്ചു. ഈ സന്തോഷവാർത്തയ്ക്കൊടുവിൽ പുതിയ നിയോഗങ്ങൾ ഏലിയാവിന് ദൈവത്തിൽ നിന്ന് ലഭിക്കുന്നു.

ഒന്നാമതായി, ഹസായേലിനെ ആരാം രാജാവായി ഏലിയാവ് അഭിഷേകം ചെയ്യണം; അത്, അന്യജാതിക്കാരുടെ രാജാവിനെ അഭിഷേകം ചെയ്യുക എന്ന ദൗത്യമാണ്. അബ്രാഹാമിനോട് ദൈവം പറയുന്നത് നിന്നാൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്നാണ്. യിസ്രായേലിലെ പ്രവാചകന് തന്റെ ദൗത്യം സകല ജാതിക്കും ഉള്ളതാണെന്ന ബോദ്ധ്യം വരുത്തുന്നതാണ് ഒന്നാമത്തെ നിയോഗം. രണ്ടാമതായി, നിംശിയുടെ മകനായ യേഹുവിനെ യിസ്രായേലിന് രാജാവായി അഭിഷേകം ചെയ്യണം. മൂന്നാമത്, തനിക്ക് പകരമായി എലീശായെ പ്രവാചകനായി അഭിഷേകം ചെയ്യണം.

ഏലിയാവ് അവിടെനിന്ന് പുറപ്പെട്ട ഉടനെ സാഫാത്തിന്റെ മകനായ എലീശാ തന്റെ ഭൃത്യന്മാരോടൊപ്പം 12 ഏർ കാളകളെ വെച്ച് ഉഴുന്നതായി കാണുന്നു. അപ്പോൾതന്നെ ഒരു ഏർ കാളകളെ ഉഴുന്ന എലീശായുടെ മുകളിൽ തന്റെ പുതപ്പ് ഏലിയാവ് ഇട്ടുകൊടുക്കുന്നു. ഇത് ശിഷ്യനാക്കുന്നതിന്റെ അടയാളമാണ്. സംരക്ഷണത്തിന്റെ അടയാളമായും കണക്കാക്കാം. അവസാനം ഏലിയാവ് ഉടലോടുകൂടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുമ്പോൾ തന്റെ പുതപ്പ് ഒരിക്കൽകൂടി എലീശായ്ക്ക് കൊടുക്കുന്നതായി നാം വായിക്കുന്നു. ഏലിയാവിന്റെ ഇരട്ടി ആത്മാവ് അതു മുഖാന്തരം എലീശായ്ക്ക് ലഭ്യമാകുന്നു.

ഹസായേലിനെ ആരാം രാജാവായി ഏലിയാവ് അഭിഷേകം ചെയ്യുന്നതായി കാണുന്നില്ല. എലീശാ ഹസായേലിനോട് രാജാവാകും എന്ന് പ്രവചിച്ചു പറയുന്നുണ്ട്. ആരാം രാജാവായ ബെൻഹദദിനു പകരമാണ് ഹസായേലിനെപ്പറ്റി എലീശാ പറയുന്നത്.

യേഹുവിനെ യിസ്രായേലിന് രാജാവായി അഭിഷേകം ചെയ്യുന്നത് എലീശായുടെ കല്പനപ്രകാരം അദ്ദേഹത്തിന്റെ ശിഷ്യനാണ്. ഏലിയാവിന് സാധിക്കാത്ത നിയോഗങ്ങൾ എലീശായിൽകൂടി നിറവേറ്റപ്പെടുന്നു.

ഏലിയാവ് വീണ്ടും ചരിത്രത്തിൽ

ഏലിയാവിനെപ്പറ്റി വേദപുസ്തകത്തിൽ കാണുന്ന ചില പരാമർശനങ്ങൾകൂടി ഇവിടെ സൂചിപ്പിക്കുന്നു. മലാഖി 4:5 ൽ കാണുന്നത് "യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിന് മുമ്പേ ഞാൻ നിങ്ങൾക്ക് ഏലിയാ പ്രവാചകനെ അയക്കും" എന്നാണ്. മത്താ. 11:14 ൽ യേശു ജനങ്ങളോട് പറയുന്നത് "നിങ്ങൾക്ക് പരിഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ വരുവാനുള്ള ഏലിയാവ് അവൻ തന്നെ." ഇത് യോഹന്നാൻ സ്നാപകനെപ്പറ്റിയാണ് പറയുന്നത്. യോഹന്നാൻ സ്നാപകൻ ഏലിയാവിന്റെ ആത്മാവോടുകൂടി വന്നു എന്നതാണ് ഇതിന്റെ സാരം.

മറുരൂപമലയിൽ യേശുവിനോടൊപ്പം മോശെയെയും ഏലിയാവിനെയും ശിഷ്യരിൽ പത്രോസ് ഉൾപ്പെടുന്ന മൂവർ സംഘം കാണുന്നു. (മത്തായി 17:3).

ഏലിയാവിന് ഒരു ഉദ്ദേശ്യമേ ഉണ്ടായിരുന്നുള്ളൂ - തന്നെ വിളിച്ച് ഓരോ ജോലിയും ഏല്പിച്ച ദൈവത്തെ പൂർണ്ണമായി അനുസരിക്കുക. അവസാനംവരെ അത് പാലിക്കുന്നതിന് ഏലിയാവിന് സാധിച്ചു. പ്രവാചകനെപ്പോലെ ദൈവവിളി അനുസരിച്ച് ജീവിക്കുവാൻ നമുക്കേവർക്കും ദൈവം വേണ്ട ദർശനം നൽകട്ടെ.

(തുടരും)

ഫാ. ഡോ. തോംസൺ റോബി



ഞാനാരാണ് – ഉത്തരം കണ്ടെത്തുക

ഐൻസ്റ്റൈൻ തന്റെ അന്ത്യനാളുകളിൽ ഇപ്രകാരം പറഞ്ഞു: "എന്റെ ജീവിതം പാഴായിപ്പോയോ എന്ന് എനിക്കു ചിലപ്പോൾ തോന്നുന്നു. വിദൂരതയിലുള്ള നക്ഷത്രങ്ങളുടെ രഹസ്യംപോലും ഞാൻ തിരക്കിയിട്ടുണ്ട്. പക്ഷേ എന്നെ നോക്കാൻ ഞാൻ മറന്നുപോയി. ഇപ്പോഴറിയുന്നു ഞാനായിരുന്നു ഏറ്റവും അടുത്തുള്ള നക്ഷത്രം." ഇന്നിന്റെ രേഖാചിത്രം. ചക്രവാളങ്ങൾക്ക് അപ്പുറത്ത് നടക്കുന്നതിനെ തിരഞ്ഞുള്ള യാത്രയിൽ മനുഷ്യൻ തന്നിലേക്ക് ഒന്ന് നോക്കുവാൻ ശ്രമിക്കാത്തതാണ് വലിയ കുറവായി കാണുന്നത്.

വർഷങ്ങളോളം സാധന ചെയ്തിട്ടും ശാന്തിയും സമാധാനവും കിട്ടാതെ വന്നപ്പോൾ യുവാവ് ഗുരുവിനോട് ചോദിച്ചു, "ഗുരു, ഞാനിതൊക്കെ ചെയ്തതു വെറുതെയായോ?" ഗുരു ചോദിച്ചു, "നിനക്കെന്തു വേണം?" യുവാവ് പറഞ്ഞു, "എനിക്ക് ശാന്തിവേണം." ഗുരു തുടർന്നു: "ശാന്തിയുള്ളേടത്ത് തിരഞ്ഞാലല്ലേ ശാന്തി കിട്ടൂ. നിന്റെ ഉള്ളിൽ തന്നെ അതുണ്ടല്ലോ. അവിടെയൊഴിച്ചു ബാക്കിയെല്ലായിടത്തും ശാന്തി തേടുന്നു. പുറത്തൊരിടത്തും ശാന്തിയേ ഇല്ല." ഗുരുവിന്റെ വാക്കുകൾ ചിന്തനീയമാണ്. ശാന്തിതേടിയും ആനന്ദം തേടിയും അലയുന്നവർ അവനവനിലുള്ള നന്മകളെ കണ്ടെത്തിയാൽ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

ഒരിക്കൽ ദൈവങ്ങൾ ഒരു സമ്മേളനം കൂടി. മനുഷ്യൻ വിജയിക്കുകയാണ്, ഇങ്ങനെ പോയാൽ മനുഷ്യൻ ദൈവങ്ങളുടെ അവസ്ഥയിലെത്തും; അതിനെ തടയാൻ മനുഷ്യരുടെ ഇടയിൽനിന്ന് സന്തോഷവും ആനന്ദവും ഒളിപ്പിക്കുവാൻ തീരുമാനിച്ചു. പല ചിന്തകൾ വന്നു. അവസാനം ഒരാൾ പറഞ്ഞു, ''എവിടെ ഒളിപ്പിച്ചു വച്ചാലും മനുഷ്യൻ അത് കണ്ടുപിടിക്കും. അതിനാൽ ഒരിക്കലും കണ്ടുപിടിക്കാൻ കഴിയാത്ത മനുഷ്യമനസ്സുകളിൽ അത് ഒളിപ്പിച്ചുവയ്ക്കാം.'' എല്ലാവർക്കും അത് സ്വീകാര്യമായി എന്ന് ഒരു കഥയുണ്ട്. മനുഷ്യന്റെ ഉള്ളിൽ ഉള്ള സന്തോഷത്തെ, ശക്തിയെ, സമാധാനത്തെ കണ്ടെത്തുവാൻ കഴിയാതെ മനുഷ്യൻ ഇന്ന് അതിനെ സ്വായത്തമാക്കുവാൻ അലയുകയാണ്.

സ്വന്തം അന്തരംഗത്തിലേക്ക് നോക്കുവാൻ സഹായിക്കുന്ന പാഠ്യപദ്ധതികളും ഗുരുക്കന്മാരുമാണ് ഇന്നിന്റെ ആവശ്യം. ഇന്ന് "ഗൂഗിൾ" ഗുരുവും "ഫെയ്സ്ബുക്ക്" ഗുരുവും മനുഷ്യനെ മറ്റുള്ളവരിലേക്ക് ഒളിഞ്ഞുനോക്കാനാണ് പഠിപ്പിക്കുന്നത്. മറ്റുള്ളവന് ഉള്ളത് എനിക്കും വേണം എന്ന ആഗ്രഹം നമ്മിൽ ഉണ്ടാക്കുന്നതാണ് ആധുനിക സങ്കേതങ്ങൾ എല്ലാം. ഇതാണ് ഉപഭോക്തൃസംസ്കാരം നമ്മിൽ ഉളവാക്കുന്ന സ്വാധീനം. സൈക്കിൾ വാങ്ങുവാൻ നിർവാഹമില്ലാത്തവനെ കാറു വാങ്ങുവാൻ പ്രേരിപ്പിക്കുന്ന ലോകം. ബാങ്ക് ലോൺ നൽകും, ലോൺ എടുക്കുവാൻ ചെല്ലുമ്പോൾ

ചക്രവർത്തമാനം പറയുകയും ലോൺ നൽകുകയും ചെയ്യും. എന്നാൽ അതു കഴിഞ്ഞ് തവണ മുടങ്ങിയാൽ ഉണ്ടാകുന്ന ഭവിഷ്യത്ത് അവർ പറയുകയുമില്ല. അതിന്റെ പരിണിതഫലമോ നാമിന്നു കാണുന്നതാണ്; എത്രയെത്ര ആത്മഹത്യകൾ ഇതിന്റെ പേരിൽ നടന്നിരിക്കുന്നു. നമുക്ക് ഉള്ളതിൽ സന്തോഷം കണ്ടെത്താൻ കഴിയണം. ഇത്തരം ചതിക്കുഴികളിൽ നാം വീഴരുത്.

ഇന്നത്തെ യുവസമൂഹത്തെ ഗ്രസിച്ചിരിക്കുന്ന ഒരു വിപത്ത് താൻ ആരാണ് എന്ന തിരിച്ചറിവിന്റെ അഭാവമാണ്. ഭഗവത്ഗീതയിൽ പറയുന്നു – "രണ്ട് വഴിയിലൂടെയേ മനുഷ്യർക്ക് സഞ്ചരിക്കാനാകുകയുള്ളൂ. ഒന്ന് ധർമ്മത്തിന്റെ വഴി, മറ്റേത് അധർമ്മത്തിന്റെ വഴി. സത്യപാത തിരഞ്ഞെടുത്തവർ ദൈവിക സമ്പത്തുകാർ, അസത്യമാർഗ്ഗം സ്വീകരിച്ചവർ അസൂരീ സമ്പത്തുള്ളവർ. ദൈവിക സമ്പത്തിലൂടെ ശാശ്വതമായ ശാന്തി ലഭിക്കും. അസൂരീ സമ്പത്ത് ഒരുവനെ അധോഗതിയിലേക്ക് തള്ളിയിടും. കാമം, ക്രോധം, ലോഭം ഇതു മൂന്നും നരകത്തിലേയ്ക്കുള്ള വാതിലുകളാണ്. അതുകൊണ്ട് അവ ഒഴിവാക്കുക." അതിനാൽ ധർമ്മത്തിന്റെ പാതയിലൂടെയുള്ള അനുധാവനം ശീലമാക്കണം. തള്ളേണ്ടതും കൊള്ളേണ്ടതും എന്തെന്ന് തിരിച്ചറിയുക. അതിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തണം. ജീവിതലക്ഷ്യം പ്രാപിക്കാൻ അത് ഉപകരിക്കും.

'ജീവിതത്തെ കണ്ടെത്തുക', അതാണ് നാം ലക്ഷ്യം വയ്ക്കേണ്ടത്. 'ഞാനാരാണ്' എന്ന ചോദ്യം യുവാക്കൾ സ്വയം ചോദിക്കണം. പലതും നഷ്ടപ്പെടുത്തി അമ്പിളി മാമനെ തേടിപ്പോകുന്നവർ ഞാനാകുന്ന നക്ഷത്രത്തെ തിരിച്ചറിയാൻ കഴിയാതെ പോകുന്നു. ശാന്തി തേടി അലയുന്നവരാകാതെ നമ്മിലുള്ള ശാന്തിയും സമാധാനവും ഈശ്വര ചൈതന്യവും കണ്ടെത്തുവാൻ ശ്രമിക്കാം. ◎

(തുടർച്ച പേജ് 13)

അർപ്പണത്തിന് യാതൊരു കുറവും വന്നിരുന്നില്ല.

മലബാറിന്റെ ശ്രേഷ്ഠ ഇടയനായി ശോഭിച്ചപ്പോൾ ഭദ്രാസനത്തിലെ എല്ലാ ഭവനങ്ങളിലും കുടിലിലും കൊട്ടാരത്തിലും ഒരുപോലെ സമയം കണ്ടെത്തി സന്ദർശിച്ചത് മലബാറിന്റെ ചരിത്രത്തിലെ തന്നെ പ്രഥമ സംഭവമാണ്. കടമ മറന്നാലും കരുണ മറക്കരുത് എന്നത് ജീവിതചര്യയാക്കി അനേക മനുഷ്യർക്ക് സ്നേഹത്തിന്റെ കരുണാവാതിൽ ഈ പിതാവ് തുറന്നു കൊടുത്തു. ഗിരിപ്രഭാഷണത്തിൽ നസറായൻ ഓർമ്മിപ്പിച്ചതുപോലെ കരുണയുള്ളവർ ഭാഗ്യവാന്മാർ എന്നത് പ്രാവർത്തികമാക്കി. രോഗികളെ നെഞ്ചോട് ചേർത്ത് നിർത്താൻ കാണിച്ച കാരുണ്യവും വിശക്കുന്നവന്റെ വിളിയിൽ അന്നവുമായി ഓടി നടന്നതും, ഉടുതുണിയില്ലാത്തവന് വസ്ത്രമേകിയതും, തലചായ്ക്കാൻ ഇടമില്ലാത്തവന് പാർപ്പിടമൊരുക്കിയതും, തന്റെ രോഗത്തെ വകവക്കാതെ രോഗികൾക്ക് സാന്ത്വനം ഏകിയതുമെല്ലാം ക്രിസ്തുവെന്ന ഗുരുവിനെ പിൻപറ്റാൻ കാണിച്ച ആത്മ സമർപ്പണത്തിന്റെ ഭാഗമായിരുന്നു. ന്യായവിധി നാളിൽ സംശയലേശമെന്യേ ആ ന്യായാധിപൻ ഈ ദൈവസ്നേഹിയോട് പറയും "ഞാൻ വിശന്നിരുന്നു, നീ എനിക്ക് ഭക്ഷണം തന്നു; നഗ്നനായിരുന്നു, നീ എനിക്ക് വസ്ത്രമേകി; രോഗിയായിരുന്നു, നീ എനിക്ക് ശുശ്രൂഷ ചെയ്തു." ◎

ക്രൈസ്തവ ദർശനം – 37
പ്രൊഫ. ഡോ. റ്റി. വി. തോമസ്



ഈശ്വരൻ അവിടെയുമില്ല; ഇവിടെയുമില്ല; എന്നാൽ എവിടെ?

"ഞാൻ കിഴക്കോട്ടു ചെന്നാൽ അവൻ അവിടെ ഇല്ല; പടിഞ്ഞാറോട്ടു ചെന്നാൽ അവനെ കാണുകയില്ല. വടക്ക് അവൻ പ്രവർത്തിക്കയിൽ നോക്കിയിട്ട് അവനെ കാണുന്നില്ല; തെക്കോട്ട് അവൻ തിരിയുന്നു; അവനെ കാണുന്നില്ലതാനും." (ഇയ്യോബ് 23:8–9).

ദൈവം എവിടെ എന്ന ചോദ്യത്തിന് മാനവരാശിയുടെ ഉത്പത്തിയോളം തന്നെ പഴക്കമുണ്ട്. മനുഷ്യരിൽനിന്നും അദൃശ്യനായിരിക്കുന്ന ദൈവത്തെ അന്വേഷിച്ച് പുണ്യസ്ഥലങ്ങളിലും തീർത്ഥാടനകേന്ദ്രങ്ങളിലും ഭക്തന്മാർ തിക്കിത്തിരക്കുന്നു. നല്ല സുഗന്ധം പരത്തുന്ന കസ്തൂരി പേറുന്ന മാൻ ആ സുഗന്ധം എവിടെനിന്നുമാണ് പ്രവഹിക്കുന്നത് എന്ന് മനസ്സിലാക്കുവാൻ കഴിയാതെ ചുറ്റും തിരയുന്നതു പോലെയാണ് ഉള്ളിൽത്തന്നെ കുടികൊള്ളുന്ന ഈശ്വരനെ അന്വേഷിച്ചുള്ള മനുഷ്യന്റെ ഈ പ്രയാണം.

അംഗ്ലിക്കൻ പുരോഹിതനും വെൽഷ് ഭാഷാ കവിയുമായിരുന്ന റൊണാൾഡ് സ്റ്റുവർട്ട് തോമസ് ദൈവത്തെ അന്വേഷിച്ച് താൻ നടത്തിയ നിരന്തര പ്രയാണത്തെക്കുറിച്ച് In A Country Church, In An Empty Church , The Way of It മുതലായ കവിതകളിൽ വർണ്ണിച്ചിട്ടുണ്ട്. ആരാധകർ പിരിഞ്ഞ്, അവിടെയുണ്ടായിരുന്ന മെഴുകുതിരി വെളിച്ചം അണഞ്ഞതിനുശേഷം നാട്ടിൻപുറത്തെ പൊട്ടിപ്പൊളിഞ്ഞ പഴയ പള്ളിയിലെ നിശ്ശബ്ദതയിൽ താൻ ദൈവത്തെ അന്വേഷിയ്ക്കുകയുണ്ടായി എന്ന് In a country church എന്ന കവിതയിൽ പറയുന്നു. പുരോഹിത കവി തന്റെ സംശയം ഇങ്ങനെ പ്രകടിപ്പിക്കുന്നു: "Is this where God hides from my searching?" (ഇവിടെയാണോ ദൈവം എന്റെ അന്വേഷണ വലയത്തിൽ നിന്നും ഒളിഞ്ഞിരിക്കുന്നത്?") ദൈവം അവിടെ ഇല്ല എന്ന് തന്റെ അന്വേഷണത്തിൽ മനസ്സിലാക്കുവാൻ കഴിഞ്ഞു. അവിടെയുള്ള നിശ്ശബ്ദതയ്ക്കും നിഴലുകൾക്കും ശൂന്യതയ്ക്കുമൊന്നിനും തനിയ്ക്ക് ദിവ്യദർശനം നല്കുവാൻ കഴിഞ്ഞില്ല. അവിടെയുള്ള വായു വെറും വായു മാത്രമാണെന്നും അത് ആത്മാവിന്റെ ഉച്ഛ്വാസ വായുവല്ലെന്നും, അവിടെയുള്ള നിശ്ശബ്ദത ഭഞ്ജിച്ചിരുന്നത് പള്ളിയുടെ ഉയർന്ന മേല്ക്കൂരയിൽ വാസമുറപ്പിച്ചിരുന്ന വാവലുകളായിരുന്നുവെന്നും മറിച്ച്, ദൈവദൂതന്മാരായിരുന്നില്ലെന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. അവിടെയുണ്ടായിരുന്ന ഒന്നിനും ദൈവത്തിന്റെ ആത്മാവിനെ ആവാഹിയ്ക്കുവാൻ കഴിയുമെന്ന് തനിയ്ക്കു തോന്നിയില്ല.

In An Empty Church എന്ന കവിതയിൽ പ്രാർത്ഥനയ്ക്ക് മറുപടി ലഭിയ്ക്കുമെന്നുള്ള പ്രതീക്ഷയിൽ പള്ളിയിലെ കുരിശിനു മുമ്പിൽ മുട്ടുകുത്തി തന്റെ മറുപടി ലഭിക്കാത്ത ചോദ്യങ്ങൾ ഒന്നൊന്നായി കുരിശിലേക്ക് എയ്തു കൊടുക്കുന്നതായി കാണാം. Waiting for It എന്ന കവിതയുടെ അവസാന വരികളിൽ ദൈവത്തോടുള്ള തന്റെ ചോദ്യങ്ങൾക്ക് മറുപടിയായി വളരെ ക്ഷമയോടുകൂടിയുള്ള നീണ്ട കാത്തിരിപ്പിലൂടെ മാത്രമേ ദൈവത്തിന്റെ ശബ്ദം കേൾക്കുവാൻ കഴിയുകയുള്ളൂ ("The meaning is in waiting") എന്ന് സ്വയം ഉത്തരം കണ്ടുപിടിക്കുന്നു. On His Blindness എന്ന മുക്തകത്തിന്റെ ആദ്യത്തെ എട്ടുവരികളിൽ തന്റെ യൗവനത്തിന്റെ തുടക്കത്തിൽതന്നെ തന്നേ അന്ധനാക്കിയ ദൈവത്തെ ചോദ്യം ചെയ്യുന്ന ജോൺ മിൽട്ടണ് അവസാനത്തെ ആറുവരികളിൽ ലഭി

യ്ക്കുന്ന ഉത്തരവും ഇതു തന്നെയാണ്: "They also serve who only stand and wait." ദൈവത്തിന്റെ ആജ്ഞകൾ അക്ഷരംപ്രതി അനുസരിയ്ക്കുവാൻ അനേകായിരം മാലാഖമാർ കാതോർത്തു നില്ക്കുന്നുണ്ടെന്നും ആയതിനാൽ മനുഷ്യരുടെ സേവനം ദൈവത്തിന് ആവശ്യം ഇല്ലയെന്നും, എന്നാൽ ക്ഷമയോടു ദൈവത്തിനുവേണ്ടി കാത്തിരിക്കുന്നവർക്കു മാത്രമേ ദൈവത്തെ സേവിയ്ക്കുവാൻ കഴിയുകയുള്ളൂവെന്നും ഉള്ള കണ്ടെത്തലിലൂടെ മിൽട്ടൺ സ്വയം സമാശ്വസിയ്ക്കുന്നതായി കാണാം.

In A Country Church എന്ന കവിതയുടെ അവസാനം R.S. തോമസ് തന്റെ ക്ഷമയോടു കൂടിയുള്ള നീണ്ട കാത്തിരിപ്പിന് ഫലമുണ്ടായി എന്നു പറയുന്നു. താൻ തിളങ്ങുന്ന കറുത്ത മുൾക്കിരീടത്തിൽ സ്നേഹം ദർശിച്ചു. ഒരു മനുഷ്യശരീരത്തിൽ ഉണ്ടായി വിളഞ്ഞ് പഴുത്ത സ്വർണ്ണനിറമുള്ള ഫലം പേറുന്ന ഒരു മഞ്ഞുകാലവൃക്ഷവും തൊട്ടടുത്തായി കാണപ്പെട്ടു ("Saw love in a dark crown/ Of thorn's blazing, and a winter tree/Golden with the fruit of a man's body). അവിടെ അദ്ദേഹം ദർശിച്ച മഞ്ഞുകാലവൃക്ഷം കുരിശിന്റെ അടയാളം ആയിരുന്നു. സുവർണ്ണ നിറത്തിലുള്ള ഫലവും മനുഷ്യശരീരവും ക്രിസ്തുവിന്റെ ക്രൂശിതരൂപം സ്നേഹമായി രൂപാന്തരം പ്രാപിച്ചതായിരുന്നുവെന്ന് മനസ്സിലാക്കുവാൻ കഴിയും.

പഴയ നിയമ പുസ്തകത്തിൽ പറയുന്നു: *"അവൻ എന്റെ അരികെ കൂടി കടക്കുന്നു; ഞാൻ അവനെ കാണുന്നില്ല; അവൻ കടന്നുപോകുന്നു; ഞാൻ അവനെ അറിയുന്നതുമില്ല"* (ഇയ്യോബ് 9:11). *"ഞാൻ കിഴക്കോട്ടു ചെന്നാൽ അവൻ അവിടെ ഇല്ല; പടിഞ്ഞാറോട്ട് ചെന്നാൽ അവനെ കാണുകയില്ല. വടക്ക് അവൻ പ്രവർത്തിക്കയിൽ നോക്കിയിട്ട് അവനെ കാണുന്നില്ല; തെക്കോട്ട് അവൻ തിരിയുന്നു. അവനെ കാണുന്നില്ല താനും"* (ഇയ്യോബ് 23:8-9). എന്നാൽ ഇയ്യോബ് തനിയ്ക്ക് എപ്പോഴും അദൃശ്യനായിരുന്ന ദൈവത്തിൽ അടിയുറച്ച് വിശ്വസിച്ചിരുന്നതായും അത് അവന്റെ നീതിയ്ക്കായി കണക്കിടപ്പെട്ടതായും കാണുവാൻ കഴിയും. ദൈവം മനുഷ്യർക്ക് അദൃശ്യനായിരിയ്ക്കുന്നതുകൊണ്ട് ദൈവം ഇല്ല എന്ന് ചിന്തിക്കുന്നത് മൗഢ്യമാണ്. *"ദൈവം ഇല്ല എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു"* (സങ്കീ. 53:1). സങ്കീർത്തനക്കാരനായ ദാവീദ് പ്രകൃതിയിൽ ഉള്ള ദൈവത്തിന്റെ പ്രവർത്തനങ്ങളിലൂടെയും പ്രകൃതിയിൽ കാലഭേദങ്ങൾ വരുത്തുന്ന മാറ്റങ്ങളിലൂടെയും ദൈവത്തെ എപ്പോഴും ദർശിക്കുന്നതായി കാണാം. *"അവൻ മൃഗങ്ങൾക്കും കരയുന്ന കാക്കക്കുഞ്ഞുങ്ങൾക്കും അതതിന്റെ ആഹാരം കൊടുക്കുന്നു"* (സങ്കീ 147:9). *"ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിയ്ക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു"* (സങ്കീർത്തനം 19:1)

മനുഷ്യഹൃദയത്തെ ഒരു ക്ഷേത്രമായും ദൈവത്തിന്റെ ആലയമായും കവികൾ വർണ്ണിച്ചിട്ടുണ്ട്. ഹോൾമാൻ ഹണ്ട് എന്ന അമേരിക്കൻ ചിത്രകാരൻ വരച്ച Light of the World എന്നു നാമകരണം ചെയ്യപ്പെട്ട സുപ്രസിദ്ധ ചിത്രത്തിൽ ക്രിസ്തു ഒരു കയ്യിൽ കെടാവിളക്കുമായി അടഞ്ഞ വാതിലിൽ മുട്ടുന്നു; എന്നാൽ വാതിലിനു പുറത്തു കൈപിടി കാണാനില്ല. അതിനെപ്പറ്റി ചിത്രകാരന്റെ വിശദീകരണം ഇപ്രകാരമാണ്: ദൈവം ഒരിക്കലും പുറത്തുനിന്നും അകത്തേയ്ക്ക് ബലമായി പ്രവേശിക്കയില്ല, അകത്തുനിന്നും തുറന്നു കൊടുത്തെങ്കിൽ മാത്രമേ അകത്തേയ്ക്കു പ്രവേശിക്കുകയുള്ളൂ, അതുകൊണ്ടാണ് വാതിലിനു പുറത്ത് കൈപിടി വയ്ക്കാതിരുന്നത്. വെളിപ്പാട് 3:20 ൽ ഇപ്രകാരം പറഞ്ഞിരിയ്ക്കുന്നു: "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും."

നമ്മുടെ ഹൃദയം വിശുദ്ധമാണെങ്കിൽ മാത്രമേ ദൈവത്തിന് അവിടെ വസിയ്ക്കുവാൻ കഴിയുകയുള്ളൂ. 17-ാം നൂറ്റാണ്ടിലെ ആദ്ധ്യാത്മിക കവിയായിരുന്ന ജോൺ ഡൺ Better My Heart എന്ന കവിതയിൽ ചെകുത്താൻ കീഴടക്കി വാണരുളുന്ന തന്റെ ഹൃദയത്തെ ദൈവത്തിന്റെ വരദാനങ്ങൾ സ്വീകരിയ്ക്കുവാൻ ഉതകുന്ന ഒരു പാത്രമായി ഉടച്ചുവാർക്കണമെന്നും, ചെകുത്താനെ തുരത്തി ഹൃദയത്തെ ദൈവത്തിന്റെ വാസസ്ഥലമാക്കിത്തീർക്കണമെന്നും അപേക്ഷിക്കുന്നതായി കാണാം. ഇതു തന്നെയാകട്ടെ നമ്മുടെ പ്രാർത്ഥനയും അപേക്ഷയും. ◎

ഉൾക്കാഴ്ച

ഡോ. ഷിമി പോൾ ബേബി



വിരുന്ന്

മനുഷ്യന്റെ അടിസ്ഥാനചോദനകളിലൊന്നാണ് വിശപ്പ്. രുചിയിൽ ഒരു ലയിച്ചുചേരലുണ്ട് എന്നതിനാലാണ് വിശന്നിരിക്കുമ്പോൾ കഴിക്കുന്ന ഭക്ഷണത്തിന്റെ സ്വാദ് വർദ്ധിക്കുന്നത്. ഏതൊരു കുഞ്ഞും മാതൃസാന്നിധ്യത്തെ തന്റെ കുഞ്ഞു രുചിമുകുളങ്ങളിലൂടെ നുണഞ്ഞാണ് ഈ ലോകത്തെ അടുത്തറിയുന്നത്. ചിലത് നാം തിരിച്ചറിയുന്നതുപോലും രുചിയിലൂടെയും മണത്തിലൂടെയുമാണ്. ബൈബിളിന്റെ രസമുകുളങ്ങൾ ആത്യന്തികമായി നിലകൊള്ളുന്നത് ക്രിസ്തു നല്കുന്ന ഉപദേശങ്ങളിലൂടെയാണ്.

രുചിയുടെ പെരുമ യഹൂദ ജനത്തിന് പകർന്നു നല്കിക്കൊണ്ടാണ് ക്രിസ്തുവിന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നത്. തന്റെ സാന്നിധ്യത്തെ പൊതുസമൂഹത്തിന് വെളിപ്പെടുത്തിക്കൊടുക്കുന്ന ആദ്യത്തെ പ്രവർത്തനമാണ് കാനായിലെ കല്യാണ വിരുന്ന്. രുചിയോ നിറമോ പ്രത്യേക വികാരങ്ങളോ ഇല്ലാത്ത വെള്ളത്തെ കല്യാണ വിരുന്നിൽ സത്തുള്ളതാക്കി. ഈ സന്ദർഭത്തിൽ മറിയം ശുശ്രൂഷകരെ വിളിച്ച് അവൻ എന്തു പറയുന്നുവോ അതുപോലെതന്നെ ചെയ്യുക എന്ന് നിർദ്ദേശിക്കുകയും ക്രിസ്തുവിന്റെ അടുക്കൽ വന്ന് അവർക്ക് വീഞ്ഞില്ല എന്ന് പറയുകയും ചെയ്യുന്നുണ്ട്. നീതിയിലും ന്യായത്തിലും വളർത്തുകയും പരിപാലിക്കുകയും ചെയ്ത അമ്മയുടെ വിശ്വസ്തതയോട്, അമ്മ പകർന്നുപോന്ന മഹനീയമായ താഴ്മയുടെ വലിയ പാഠങ്ങൾക്ക്, നല്കിയ സ്നേഹപൂർണ്ണമായ മറുപടിയായിരുന്നു കാനായിലെ വിരുന്നുകാഴ്ച. തന്നിൽ നിക്ഷിപ്തവും താൻ ആർജ്ജിച്ചെടുത്തതുമായ ജീവിതനിറവ് അന്യന്റെ ജീവിതത്തിന്റെ നിറവും ഗുണവും രുചിയും സ്നേഹവുമായി തുടർച്ച നേടുന്ന കാഴ്ചയാണത്.

അടുത്തിരിക്കുന്ന ജനത്തിന്റെ വിശപ്പറിഞ്ഞവനാണ് ക്രിസ്തു. അഞ്ചപ്പവും ചെറുമീനും നിസ്സാരമെന്നും കുറച്ചെന്നും നമുക്കു തോന്നാമെങ്കിലും ക്രിസ്തുവാകട്ടെ അത് പതിന്മടങ്ങ് വർദ്ധിപ്പിച്ച് മലമുകളിലെ ജനത്തെ തൃപ്തരാക്കി. ഗിരിപ്രഭാഷണത്തിന്റെ പൂർണ്ണതയാണ് ജനം രുചിച്ചറിഞ്ഞത്. നിസ്സാരമെന്ന മുദ്രകൊണ്ട് യാതൊന്നിനെയും തള്ളിക്കളയുവാനോ ഒഴിവാക്കുവാനോ സാധ്യമല്ലെന്ന പാഠമാണ് അന്നത്തിന്റെ പകർച്ചയിലൂടെ ജനസമൂഹത്തിന് മനസ്സിലാക്കി കൊടുക്കുന്നത്. ചാരത്തിരിക്കുന്ന മക്കളുടെ വിശപ്പാറ്റുന്ന അമ്മയുടെ ഭാവം ആ നിമിഷങ്ങളിൽ ക്രിസ്തുവിൽ നിറഞ്ഞിരിക്കാം. കൊയ്ത്തുകഴിഞ്ഞ് പാടത്ത് ധാന്യം തിരയുന്ന കേവലമനുഷ്യന്റെ പ്രതീക്ഷ അസ്ഥാനത്താവുകയില്ല എന്ന ശുഭസൂചനപോലെയാണത്. ഭക്ഷണത്തിന്റെ നിറവിൽ ഓരോരുത്തരും അവനെ ഔന്നത്യങ്ങളിലേക്ക് ഉയർത്തിയിട്ടായിരിക്കണം മലമുകൾ വിട്ടിറങ്ങിയിരിക്കുക. കൂടിവന്ന ജനത്തിന് അപ്പം നല്കി എന്നു മാത്രമല്ല മറ്റൊരവസരത്തിൽ ഞാൻ തന്നെയാകുന്നു ജീവന്റെ അപ്പം എന്നും ബോധി

